# ചാലക്കുടിപ്പുഴയിൽ വിഷമൊഴുകുന്നു

ചാലക്കുടി: ചാലക്കുടിപ്പുഴയിലെ ചെളിയിലും വെള്ളത്തിലും മാരകമായ തോതിൽ വിഷാംശം അടിഞ്ഞുകൂടിയിട്ടുള്ളതായി ലിംനോളജിക്കൽ അസോസിയേഷൻ ഓഫ് കേരള നടത്തിയ പഠനങ്ങളിൽ കണ്ടെത്തി. അമിതമായ തോതിൽ ഡി.ഡി.ടി, ഡി.ഡി.ഇ. ആൾഫാ ബി.എച്ച്.സി., ഗാമ ബി.എച്ച്.എസ്.സി എന്നീ കീടനാശിനികളുടെ അവശിഷ്ടങ്ങളാണ് കാണുന്നത്.

മറ്റിടങ്ങളിൽ പൂർണമായി നിരോധിച്ച ഈ കീടനാശിനികൾ ഇന്ത്യയിൽ മാത്രമാണ് ഉപയോഗിക്കുന്നത്. ഇവയുടെ അംശം പുഴയിലെ ജലവും ജല ജീവികളും വഴി മനുഷ്യരിലെത്താം. കാൻസർ, നാഡീസംബന്ധരോഗങ്ങൾ ഇവയ്ക്ക് ഈ വിഷവസ്തുക്കൾ കാരണമാകും.

ചാലക്കുടിപ്പുഴയുടെ നീർമറി പ്രദേശങ്ങളായ നെല്ലിയാമ്പതി, വാൽപ്പാറ സ്ഥലങ്ങളിലെ തേയില, കാപ്പി, കുരുമുളക് എസ്റ്റേറ്റുകളിൽനിന്നും നദീതടത്തിലെ കൃഷിയിടങ്ങളിൽനിന്നും ഒഴുകിയെത്തിയ കീടനാശിനികളാണിവ.

പുഴയിലെ നീരൊഴുക്ക് നിലച്ചതും വെള്ളം കുറഞ്ഞതുമാണ് അടിത്തട്ടിൽ ഈ വിഷവസ്തുക്കൾ അടിഞ്ഞുകൂടാൻ കാരണമായി ചൂണ്ടിക്കാണിക്കുന്നത്.